# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

06.11.2019-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2839

### കുപ്പിവെള്ള വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | കെ.കൃഷ്ണൻ കുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ളം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള വാട്ടർ അതോറിറ്റി അരുവിക്കര കുപ്പിവെള്ള പ്ലാന്റ് നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിയുടെ അവസാന ഘട്ടത്തിലാണ് . എന്നാൽ കുപ്പിവെള്ളം വിതരണം ചെയ്യുന്നത് സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ;എങ്കിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ; | (ബി) | 17.10.2019-ലെ സ.ഉ (സാധാ)നം742/2018/WRD നമ്പർ ഉത്തരവ് പ്രകാരം 16 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് |
| (സി) | പ്ലാന്റ് നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്; 2019 ഫെബ്രുവരി മാസം ജലവിഭവ വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്ലാന്റ് സന്ദർശിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ കുപ്പിവെള്ള വിതരണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിക്കാമോ? | (ഡി) | ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ് , ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവയുടെ അനുമതി ലഭിക്കാനുണ്ട് . അരുവിക്കര കുപ്പിവെള്ള പ്ലാന്റ് കമ്മീഷൻ ചെയ്യുന്നതിനും അതിനുശേഷമുള്ള ഉൽപ്പാദനവും വിപണനവും അടക്കമുള്ള നടത്തിപ്പ് കൈകാര്യം ചെയ്യുന്നതിനും കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും ജലവിഭവവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നതുമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) ലിമിറ്റഡിനെ ഏൽപ്പിക്കുവാൻ വാട്ടർ അതോറിറ്റി തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. അനുബന്ധ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കുപ്പിവെള്ള വിതരണം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ